# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 86 30.11.2018 -ലെ മറുപടി

## ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.പി.കെ. ശശി

"കെ.സുരേഷ് കുറുപ്പ്

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ.എൻ.വിജയൻ പിള്ള

**മറുപടി**

കെ.കൃഷ്ണൻകുട്ടി

(ജലവിഭവ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ചെളിയും മണലും അടിഞ്ഞ് സംഭരണശേഷി ക്രമാതീതമായി കുറഞ്ഞ ജലവിഭവ വകുപ്പിന്റെ ഡാമുകൾ ഏതൊക്കെയാണ്;

(എ) കേരള എൻജിനീയറിംഗ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ജലസേചന വകുപ്പിന്റെ ഡാമുകളിൽ സെഡിമെന്റേഷൻ സർവ്വെ നടത്തുന്നുണ്ട്. പ്രളയത്തിനുശേഷം ചിമ്മിനി, പീച്ചി എന്നീ ഡാമുകളിലെ സെഡിമെന്റേഷൻ സർവ്വെ നടന്നു വരുന്നു. സർവ്വെ പൂർത്തിയാക്കിയാൽ മാത്രമേ പ്രളയ കാരണം ചെളിയും മണലും അടിഞ്ഞ് സംഭരണശേഷി ക്രമാതീതമായി കുറഞ്ഞ ഡാമുകൾ ഏതൊക്കെ എന്ന് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP)26/09/2017-ാം തീയതി സർക്കാർ ഉത്തരവ് (എം.എസ്)നം. 79/2017/ ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പൈലറ്റ് പദ്ധതികളായി മംഗളം, ചുള്ളിയാർ ഡാമുകളിൽ ഡിസിൽറ്റിംഗ് ചെയ്യുവാനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ അനുസരിച്ച് ബാക്കി അണക്കെട്ടുകളിൽ desiltation നടത്തുന്നതാണ്.

(സി) ജലവിഭവവകുപ്പിന്റെ ഡാമുകളിൽ നിന്ന് മണൽ ഖനനം നടത്തുന്നതിനുള്ള അനുമതി നൽകാൻ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ട്. GO (Rt) No. 425/2018/WRD dated 16/06/2018 പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കു പുറമേ ജലവിഭവ, ധനകാര്യ, ഊർജ്ജ റവന്യൂ, വനം വന്യ ജീവി സെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളാണ്.

| | | | |
|---|---|---|---|
| (ഡി) | ഡാമുകളിൽ നിന്നും മണ്ണും മണലും നീക്കം ചെയ്യുന്നതിനുള്ള കരാർ എപ്രകാരം നൽകാനാണ് തീരുമാനി ച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | ഡാമുകളിൽ നിന്നും മണ്ണും മണലും നീക്കു വാനുളള കരാർ work contract method, Turnkey Project എന്നീ രണ്ട് അടിസ്ഥാന ത്തിലാണ് കരാർ നല്കുവാൻ തീരുമാനിച്ചി രിക്കുന്നത്. ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരമാണ് ഏത് പദ്ധതി ഏതു തരത്തിൽ കരാർ നൽകണമെന്ന് തീരുമാനി ക്കുന്നത്. |
| (ഇ) | അണക്കെട്ടുകൾക്ക് മതിയായ ആഴം ഇല്ലാത്തതിനാൽ മഴക്കാലത്ത് അധികമായി ഒഴുകിയെത്തുന്ന വെള്ളം തുറന്ന് വിടുന്ന സാഹചര്യം ഒഴിവാക്കാൻ ഇവയുടെ സംഭരണശേഷി വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവൃത്തികൾ വേഗത്തി ലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഉന്നതാധികാര സമിതിയുടെ അനുമതി ലഭ്യമായ ശേഷം പൈലറ്റ് പദ്ധതികളുടെ പ്രവൃത്തികൾ പഠിച്ച് ടെണ്ടർ ചെയ്യുന്നതാണ്. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളിൽ ഡിസിൽറ്റേഷൻ നടത്തുന്നതിനായി അവയിലെ ആറു ഡാമുകളിൽ ഇൻവെസ്റ്റി ഗേഷൻ ആരംഭിക്കുന്നതിന് നടപടി എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ